പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 46. 27.09.20-ൽ മറുപടിക്ക്.

**സിനിമാ രംഗത്തെ പ്രതിസന്ധിയും വൈഡ് റിലീസിംഗും**

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. ഇ.കെ. വിജയൻ<br>ശ്രീ. മുല്ലക്കര രത്നാകരൻ<br>ശ്രീ. ജി. എസ്. ജയലാൽ<br>ശ്രീ. പി. തിലോത്തമൻ | | ശ്രീ. കെ.ബി. ഗണേഷ്കുമാർ<br>(ബഹു: വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി.) |
| (എ) | സിനിമാ രംഗത്ത് വൈഡ് റിലീസിംഗ് ഏർപ്പെടുത്തുമെന്ന പ്രഖ്യാപനം നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ; | (എ) | വൈഡ് റിലീസ് ഏർപ്പെടുത്തണമെന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിയേറ്ററുകൾക്ക് ചിത്രങ്ങൾ റിലീസിന് നൽകേണ്ടത് വിതരണക്കാരാണ്. എ.സി., ഡി.റ്റി. എസ്. പ്രെജക്ഷൻ ക്വാളിറ്റി, കഫ്റ്റീരിയ, വൃത്തിയുള്ള ടോയ്ലറ്റുകൾ എന്നീ സൗകര്യങ്ങളുള്ള തീയേറ്ററുകൾക്ക് റിലീസ് ചിത്രങ്ങൾ നൽകുന്നതാണ് എന്ന് 25.05.2011-ന് സിനിമാ വ്യവസായത്തിലെ പ്രതിസന്ധികൾ ചർച്ച ചെയ് തതിന്റെ ഭാഗമായി തീരുമാനിച്ചിരുന്നു.<br>മേൽപറഞ്ഞ സൗകര്യങ്ങൾ ഇല്ലാത്ത തിയേറ്റുകളിൽ അത്തരം സൗകര്യങ്ങൾ സ്ഥാപിക്കുന്ന മുറക്ക് റിലീസിംഗ് അനുവദിക്കുന്നതാണെന്നും തീരുമാനമെടുത്തിരുന്നു. എന്നാൽ ഇത് പ്രാവർത്തികമായിട്ടില്ല. |
| (ബി) | ബി,സി, ക്ളാസ് തീയേറ്ററുകൾ ഇപ്പോൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പ്രേക്ഷകർ തിയേറ്ററിൽ എത്താത്തതാണ് പ്രതിസന്ധിക്ക് കാരണമെന്ന് മനസ്സിലാക്കുന്നു. ഇതിന് പ്രധാനകാരണങ്ങൾ രണ്ടാണ്.<br>1. ബി, സി, ക്ളാസ് തിയേറ്ററുകളിലും മറ്റും റിലീസ് ചെയ്യുന്നതിന് മുൻപുതന്നെ വ്യാജ സി.ഡി.കൾ ഇറങ്ങികഴിഞ്ഞിരിക്കും. ഇത് നിയന്ത്രിക്കുന്നതിന് സർക്കാർ ആന്റി പൈറസി സെൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചുകഴിഞ്ഞു.<br>2. തിയേറ്ററിൽ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കേണ്ടതുണ്ട്. ഇത് പരിഹരിക്കുവാൻ കെ.എഫ്.സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭ്യമാക്കി തിയേറ്ററുകളുടെ നവീകരണ പ്രവർത്തനം നടത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| സി) | എങ്കിൽ ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തു നടപടികളെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ? | സി) | 1. ടെക്നിക്കൽ സൗകര്യത്തോടെ മികച്ച പ്രകടനം കാഴ്ച വയ്ക്കുന്ന തിയേറ്ററുകൾക്ക് അവാർഡ്<br>2. മികച്ച സൗകര്യങ്ങളുള്ള തിയേറ്ററുകളിൽ റിലീസിംഗ്.<br>3. ഫിലിം ഫെസ്റ്റിവൽ നടത്തുന്നതിനായി തിയേറ്റർ സമുച്ചയം സ്ഥാപിക്കുക.<br>4. ഫിലിം ഇൻസ്റ്റിറ്റ്യൂട്ട് തുറക്കുന്നതിന് നടപടി.<br>എന്നീ നടപടികൾ വിഭാവനം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ.